(എ) കേരള സംസ്ഥാന ഹരിജൻ-ഗിരിജൻ വികസന സഹകരണ ഫെഡറേഷന്റെ തിരുവനന്തപുരത്ത് വഞ്ചിയൂരുള്ള ഹെഡാഫീസ് പേരൂർക്കടയിലേക്ക് മാറുന്നതിന് അവിടെ രണ്ടേക്കർ സ്ഥലം വാങ്ങി പുതിയ കെട്ടിടത്തിന് ശിലാസ്ഥാപനം നടത്തിയിട്ട് എത്ര വർഷങ്ങളായി ?

(ബി) പേരൂർക്കടയിൽ ഹെഡാഫീസ് മന്ദിരം നിർമ്മിക്കുന്നതിന് കാലതാമസം നേരിട്ടതെന്തുകൊണ്ടാണ് ?

ഉത്തരം

(എ) സർക്കാരിൽ നിന്നും ഫെഡറേഷനനുവദിച്ച പേരൂർക്കടയിലുള്ള സ്ഥലത്ത് ഫെഡറേഷന്റെ വഞ്ചിയൂരുള്ള ഹെഡാഫീസ് മാറുന്നതിലേക്കായി, കെട്ടിടം കെട്ടാൻ ശിലാസ്ഥാപനം നടത്തിയിട്ടില്ല.

(ബി) പേരൂർക്കടയിലുള്ള സ്ഥലത്ത് ഒരു ഗോഡൗൺ നിർമ്മിക്കുന്നതിലേക്കായി ധനസഹായം ലഭിക്കാനുള്ള ഒരു അപേക്ഷ എൻ.സി.ഡി.സി. യുടെ പരിഗണനയിലാണ്. ധനസഹായം ലഭിക്കുന്ന മുറയ്ക്ക് ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പട്ടികജാതിക്കാർക്കുള്ള ഉദ്യോഗ സംവരണം.

356. [540] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്ക് ഉദ്യോഗ സംവരണത്തിൽ ഉപസംവരണം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സിദ്ധനർ സർവീസ് സൊസൈറ്റി മുതലായ ഹരിജൻ സംഘടനകൾ ഗവൺമെൻറിനു നൽകിയിട്ടുള്ള നിവേദനത്തിൻ മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഗവൺമെൻറു സർവ്വീസിലെ പട്ടിക ജാതിക്കാരുടെ പ്രാതിനിധ്യം ജനസംഖ്യാനുപാതികമായി ലഭ്യമാകുന്നതിന് ഉപസംവരണം വീണ്ടും നടപ്പിലാക്കുന്ന കാര്യം അടിയന്തിരമായി പരിഗണിക്കാമോ ?

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് ഉദ്യോഗ സംവരണത്തിൽ ഉപസംവരണം ഏർപ്പെടുത്തണമെന്ന സിദ്ധനർ സർവ്വീസ് സൊസൈറ്റി ഉന്നയിച്ച ആവശ്യം സർക്കാർ പരിഗണിച്ചുവരികയാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഡോക്ടർ ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ട്

357. [541] ശ്രീമതി ഭാഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക സർവ്വേ റിപ്പോർട്ട് അടങ്ങിയ ഡോക്ടർ ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ടിലെ ഏതെല്ലാം നിർദ്ദേശങ്ങൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റിപ്പോർട്ടിലെ എല്ലാ ശുപാർശകളും നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹരിജൻ സംഘടനകൾ ഗവൺമെന്റിന് നൽകിയിട്ടുള്ള മെമ്മോറാണ്ടങ്ങളെ പരിഗണിച്ച് എല്ലാ ശുപാർശകളും ഉടൻതന്നെ നടപ്പിലാക്കാനുള്ള സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

1. പട്ടികജാതി—പട്ടികവർഗ്ഗ ലിസ്റ്റ്

പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെ ലിസ്റ്റ് പുതുക്കുന്നതിന് ശുപാർശകൾ കേന്ദ്ര ഗവൺമെന്റിന് അയച്ചുകഴിഞ്ഞു.

2. വിദ്യാഭ്യാസം

വിദ്യാഭ്യാസാനുകൂല്യങ്ങൾ 30%കണ്ട് വർദ്ധിപ്പിച്ചു കൂടുതൽ ഹോസ്റ്റലുകൾ സ്ഥാപിച്ചു. നഴ്സറി സ്കൂളുകളും ബാലവാടികളും സ്ഥാപിച്ചു.

3. തൊഴിൽ

കൃഷി ചെയ്യുന്നതിന് വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവ സൗജന്യനിരക്കിൽ നൽകുന്നു. സ്വയം തൊഴിൻ കണ്ടെത്താൻ ആവശ്യമായ വ്യവസായ വായ്പകൾ നൽകുന്നു. പരിശീലനം സിദ്ധിച്ചവരെ സംഘടിപ്പിച്ച് വ്യാവസായിക സഹകരണ സംഘങ്ങൾ സ്ഥാപിച്ചു.

4. വരുമാനം

ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്ക് തൊഴിൽ നേടുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കിക്കൊടുത്തു. സാങ്കേതിക പരിശീലനങ്ങൾക്കുള്ള അവസരങ്ങൾ സൃഷ്ടിച്ചു.

5. ഭൂമി

വിവിധ പരിപാടികളിലായി കൃഷിഭൂമിയും വീട് വയ്ക്കുന്നതിനുള്ള ഭൂമിയും ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. കൊടുത്ത ഭൂമിക്ക് പട്ടയം നൽകുന്നതിനും നടപടികൾ എടുത്തിട്ടുണ്ട്.

6. സഹകരണ പ്രസ്ഥാനം

ഹരിജന ഗിരിജന സഹകരണ സംഘങ്ങളിൽ മൂലധനവും മാനേജീരിയൽ സബ്സിഡിയും സർക്കാരിൽനിന്നും നൽകുന്നുണ്ട്. ഇവരുടെ സഹകരണ സംഘങ്ങൾക്ക് പ്രത്യേക പരിഗണനനൽകി സഹായങ്ങൾ നൽകുന്നുണ്ട്.

7. ആരോഗ്യം

ഹരിജന ഗിരിജന സങ്കേതങ്ങളോട് ചേർന്ന് ബാലവാടികളും നഴ്സറി സ്കൂളുകളും നടത്തുകയും പോഷകാഹാര വിതരണ പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സാങ്കേതങ്ങളോട് ചേർന്ന് ആശുപത്രികൾ സ്ഥാപിക്കാനും നടപടികൾ എടുക്കുന്നുണ്ട്.

8. പാർപ്പിട സൗകര്യം

വിവിധ വകുപ്പുകളിൽ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികളിൽ ഹരിജന ഗിരിജനങ്ങൾക്ക് സംവരണാടിസ്ഥാനത്തിൽ വീടുകൾ നൽകുന്നുണ്ട്. ഹരിജന-ഗിരിജനക്ഷേമ വകുപ്പുകളും പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനും ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. വരുമാനം കൂടുതലുള്ളവർക്ക് ഭവന നിർമ്മാണ വായ്പയും മറ്റുള്ളവർക്ക് ഭവന നിർമ്മാണ ഗ്രാന്റും നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

9. കോളനികളും സങ്കേതങ്ങളും

ഹരിജന-ഗിരിജന കോളനികളിലും ഹരിജന സങ്കേതങ്ങളിലും പ്രത്യേകഘടക പദ്ധതിപ്രകാരം പലതരം വികസന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നുണ്ട്.

10. കോളനൈസേഷൻ

ഹരിജനക്കും ഗിരിജനങ്ങൾക്കും വേണ്ടി കോളനികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ കോളനികൾ സ്ഥാപിക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

11. സർക്കാർ സർവ്വീസിൽ പട്ടികജാതി-പട്ടികവർഗക്കാരുടെ പ്രാതിനിദ്ധ്യം

സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും ജോലി സംവരണം ചെയ്തിട്ടുണ്ട്. ഇവരുടെ പ്രാതിനിദ്ധ്യം കാലാകാലങ്ങളിൽ വിലയിരുത്തികുറവുള്ള തസ്തികകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റും നടത്തുന്നുണ്ട്.

12. അയിത്തം

അയിത്തോച്ചാടനത്തിനായി ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് പരിപാടികൾ രൂപീകരിച്ചിട്ടുണ്ട്. ഹരിജന-ഗിരിജനങ്ങൾ മറ്റുള്ളവരിൽ നിന്നും ഒറ്റപ്പെട്ടുപോകാതിരിക്കുന്നതിനും സാമൂഹികഉൽഗ്രഥനം സാദ്ധ്യമാക്കുന്നതിനുമുള്ള പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

13. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

ഹരിജൻ-ഗിരിജന വികസന കോർപ്പറേഷനിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനം എടുക്കുവാൻ ഫീൽഡ് സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. ഭവന നിർമ്മാണ വായ്പ, കൃഷിഭൂമി വാങ്ങുന്നതിനുള്ള വായ്പ എന്നിവക്കു ജാമ്യവും നിഷ്കർഷിക്കാറില്ല. ബാങ്കുകളിൽകൂടി നടപ്പിലക്കുന്ന മാർജിൻ മണി സ്കീമിനും 5,000 രൂപവരെയുള്ള വായ്പകളിൽ ജാമ്യം ആവശ്യപ്പെടാറില്ല.

14. ഭരണ സംവിധാനം

കമ്മീഷന്റെ വിവിധ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് ഭരണ സംവിധാനത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ 28-7-1983-ൽ തന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

15. ഹരിജന-ഗിരിജന കേന്ദ്രങ്ങൾക്ക് പ്രത്യേക പരിഗണന

പത്തോ അതിൽകൂടുതലോ ഹരിജന-ഗിരിജനഭവനങ്ങൾ കേന്ദ്രീകരിച്ചിട്ടുള്ള സ്ഥലങ്ങളെ ഹരിജനസബ് കേന്ദ്രങ്ങളായി കണക്കിലെടുത്ത് ജില്ലാതലത്തിൽ തീരുമാനങ്ങളെടുത്ത് പ്രത്യേക ഘടക പദ്ധതിയിൻകീഴിൽ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) കമ്മീഷന്റെ ശുപാർശകളിൽ നടപ്പിലാക്കാവുന്നതെല്ലാം നടപ്പിലാക്കിക്കഴിഞ്ഞു.

ഹരിജൻ സഹകരണ സംഘങ്ങൾവഴി വാങ്ങിയ ബസ്സുകൾ

558. [542] ശ്രീ. സി. കെ. തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനങ്ങൾക്ക് സ്വന്തമായി ബസ്സുവാങ്ങി സർവ്വീസ് നടത്തുന്നതിന് ഗവൺമെന്റ് ധനസഹായം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly